(ബി) 1948-ലെ മിനിമം വേതന നിയമത്തിലെ പട്ടിക 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകളിൽ മിനിമം വേതന നിയമത്തിലെ വ്യവസ്ഥ പ്രകാരം മിനിമം വേതനം നൽകാതിരിക്കുന്നത് കുറ്റകരമാണ്. മിനിമം വേതന നിയമത്തിലെ സെക്ഷൻ (20) പ്രകാരം മിനിമം വേതനം നൽകാത്തതിനെതിരെ തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണർ (വർക്കുമെൻസ് കോമ്പൻസേഷൻ കമ്മീഷണർ) മുമ്പാകെ 1947-ലെ തൊഴിൽ തർക്ക നിയമത്തിലെ വകുപ്പ് 33 (സി) (2) പ്രകാരം ലേബർ കോടതി മുമ്പാകെ ആവശ്യം ബോധിപ്പിച്ചും കുടിശ്ശിക തുക ഈടാക്കാവുന്നതാണ്. മിനിമം വേതന നിയമത്തിലെ സെക്ഷൻ (22) അനുസരിച്ച് മിനിമം വേതനം നൽകാതിരുന്നാൽ ആറു മാസത്തെ തടവുശിക്ഷയോ 500 രൂപ പിഴയോ രണ്ടും കൂടെയോ അനുഭവിക്കേണ്ടിവരും.

ഐ.ടി.ഐ.-കളിലെ പഠന സമ്പ്രദായം മെച്ചപ്പെടുത്താൻ നടപടി

46 [4924] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളിലെ നിലവിലുള്ള പഠന സമ്പ്രദായം ലോകനിലവാരം പുലർത്തുന്നവയല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) കാലഘട്ടത്തിനാവശ്യമായ തരത്തിൽ നവീനമായ കോഴ്സുകൾ ഐ.ടി.ഐ.-കളിൽ ആരംഭിക്കുവാൻ ബന്ധപ്പെട്ട മേഖലയിൽ പ്രഗത്ഭരായ വ്യക്തികളുടെ ഒരു യോഗം വിളിച്ചുകൂട്ടി അതിന്റെ അടിസ്ഥാനത്തിൽ രൂപരേഖ തയ്യാറാക്കി നടപടി എടുക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ പരിശീലനം നൽകിവരുന്ന ട്രേഡുകളിൽ പ്രചാരമില്ലാത്തതും തൊഴിൽ സാദ്ധ്യത കുറഞ്ഞതുമായ ചില ട്രേഡുകളുടെ ചില യൂണിറ്റുകൾ കുറവ് ചെയ്ത് പകരം തൊഴിൽ സാദ്ധ്യത കൂടിയ ട്രേഡുകൾ ആരംഭിക്കുന്നതിനായി "റീവാംബിംഗ് ഓഫ് വൊക്കേഷണൽ ട്രെയിനിംഗ് കോഴ്സ്" എന്ന ഒരു സ്കീം 11-12-2002-ലെ സർക്കാർ ഉത്തരവ് (സാ.) 3739/02/തൊഴിൽ നമ്പരിൽ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2003 ആഗസ്റ്റ് മുതൽ 8 ഐ.ടി.ഐ.-കളിൽ തൊഴിൽ സാദ്ധ്യതയുള്ള 5 പുതിയ കോഴ്സുകളും 3 ഹ്രസ്വകാല കോഴ്സുകളും ആരംഭിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഡി.ജി.ഇ.റ്റി. ഇപ്പോൾ നവീനവും തൊഴിൽ സാദ്ധ്യത കൂടിയതുമായ 36 ട്രേഡുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവ പരിശോധിച്ചതിനുശേഷം ചില കോഴ്സുകൾ അടുത്ത വർഷം മുതൽ സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

(സി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ തലത്തിൽ നടപടി പുരോഗമിച്ചുവരുന്നു. നിലവിലുള്ള ട്രെയിനിംഗ് രീതിയെക്കുറിച്ച് പരിശോധിച്ച് അപ്ഗ്രേഡ് ചെയ്യുന്നതിനായി 19 പേരടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly